# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1192 01.07.2015-ൽ മറുപടിയ്ക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.ഇ.പി.ജയരാജൻ
,, എസ്.രാജേന്ദ്രൻ
,, കെ. ദാസൻ
,, എം. ഹംസ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; | എ) 2015-ാമാണ്ട് അവസാനത്തോട് കൂടി പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | നാളിതുവരെ ലഭിച്ച അപേക്ഷകൾ എത്ര ; എത്ര പേർക്ക് ഇതിനകം ഭൂമി നൽകാനായി ; | ബി) 01.02.2014 മുതൽ 31.03.2014 വരെ അപേക്ഷ സമർപ്പിക്കുന്നതിന് വീണ്ടും അവസരം നൽകിയതിനെ തുടർന്ന് ലഭ്യമായതുൾപ്പെടെ പദ്ധതിയിലേക്ക് ആകെ 3,59,038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ റാങ്ക് ലിസ്റ്റിൽ നിന്ന് പദ്ധതിയുടെ ഒന്നാം ഘട്ടമായി 36,491 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. |
| (സി) | പട്ടയം നൽകിയവയിൽ ഭൂരിഭാഗവും അനുവദിച്ച ഭൂമി ഏറ്റെടുത്തിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ ; ഉപയോഗ പ്രദമല്ലാത്തതും വിദൂരങ്ങളിലുള്ളതുമായ ഭൂമി നൽകിയതാണ് ഇതിനു കാരണമെന്നറിവുള്ളതാണോ ; | സി) പട്ടയം അനുവദിച്ച ഭൂരിപക്ഷം ഗുണഭോക്താക്കൾക്കും ഭൂമി കൈമാറാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കോടതി കേസുകൾ മുഖേനയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ സാമൂഹിക സംഘടനകളുടെയോ ഇടപെടലുകൾ മുഖേനയോ ചില സ്ഥലങ്ങളിൽ ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല എന്നു കാണുന്നു. ഗുണഭോക്താക്കൾക്ക് അവരുടെ വില്ലേജിൽ നിന്നോ സമീപ വില്ലേജുകളിൽ നിന്നോ ആണ് ഒന്നാം ഘട്ടത്തിൽ ഭൂമി അനുവദിച്ചത്. |
| (ഡി) | അപേക്ഷകർക്ക് അതാതിടങ്ങളിൽ തന്നെ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് ; | ഡി) ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽ തന്നെ ഭൂമി അനുവദിക്കാനാണ് ശ്രമിച്ചുവരുന്നത്. എന്നാൽ സ്വന്തം വില്ലേജിൽ ഭൂമി ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രമേ മറ്റു വില്ലേജുകളിൽ നിന്നുള്ള ഭൂമി അനുവദിച്ചിട്ടുള്ളൂ. അപേക്ഷകരുടെ ജില്ലക്ക് വെളിയിൽ പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകിയിട്ടില്ല. |

| | | |
|---|---|---|
| (ഇ) | ഭൂരഹിതർ സി.പി.ഐ. എം നേതൃത്വത്തിൽ നടന്ന സമരത്തിൽ ചൂണ്ടിക്കാട്ടിയ ഭൂമി ഈ ആവശ്യത്തിന് പിടിച്ചെടുത്ത് വിതരണം ചെയ്യാത്തതെന്തുകൊണ്ട് ; | **(ഇ)യും (എഫ്)ഉം** വീട് വയ്ക്കാൻ അനുയോജ്യമായ മിച്ചഭൂമികളും, ചട്ടങ്ങൾക്ക് വിധേയമായി പദ്ധതിക്ക് ഉപയോഗിക്കുന്നുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമല്ലാത്ത പ്ലോട്ടുകളെന്ന് ആക്ഷേപം ഉണ്ടായിട്ടുള്ള കേസുകളിൽ വസ്തുത ബോധ്യപ്പെടുന്ന പക്ഷം പകരം പ്ലോട്ടുകൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ മുഴുവൻ മിച്ചഭൂമിയും വിതരണയോഗ്യമല്ല വിതരണ യോഗ്യമായതാണ് ജില്ലാ കളക്ടർമാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തിരഞ്ഞെടുത്തത്. |
| (എഫ്) | സർക്കാർ കൈവശമുള്ള മിച്ചഭൂമി ഈ ആവശ്യത്തിനായി വിനിയോഗിച്ചിട്ടുണ്ടോ ; ഉപയോഗശൂന്യമായ ഭൂമിക്ക് പകരം ഭൂമി കണ്ടെത്തി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; സംസ്ഥാനത്തെ മിച്ചഭൂമി സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ; | |

സെക്ഷൻ ഓഫീസർ